കൊയിലാണ്ടിയിൽനിന്നും ഗുരുവായൂരിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുവാൻ സർക്കാർ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ബസുകളുടെ അപര്യാപ്തതമൂലം പൂർണ്ണമായും ദേശസാൽകൃത മേഖലയിലേയും വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കും മുൻഗണന നൽകിയാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നത്. ബസ്സിന്റെ കുറവുമൂലം കൊയിലാണ്ടി-കോഴിക്കോട്-ഗുരുവായൂർ റൂട്ടിൽ ഇപ്പോൾ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

80 (398) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. പി.കെ കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കണം എന്ന ആവശ്യം ഉന്നയിച്ചിട്ടുള്ള നിവേദനങ്ങൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ശോച്യാവസ്ഥകളാണ് പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനുള്ളത്;

(സി) യാത്രക്കാർക്കും, ജീവനക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റുവാൻ വേണ്ട സൗകര്യങ്ങൾ പന്തളം കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ഓഫീസ് കെട്ടിടത്തിന്റെ പണി, ശുദ്ധജലം എത്തിക്കൽ, റോഡുകളുടെ പണി എന്നിവയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പുരോഗതികളാണ് കൈവരിച്ചിട്ടുള്ളത്;

(ഇ) ഈ കാര്യങ്ങൾ പരിഹരിക്കുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യാത്രാക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യമില്ലാതതും കിണറിന്റെ അഭാവവും ഓഫീസ് കെട്ടിടമില്ലാത്തതുമാണ് പ്രധാന പോരായ്മകൾ.

(സി) ഉണ്ട്. ടോയ്ലറ്റ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സൗകര്യപ്രദമായ ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കുടിവെള്ളം ലഭ്യമാക്കുന്നതിന് ബസ് സ്റ്റേഷൻ പരിസരത്ത് ഒരു കിണർ കുഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly